KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg തിയ്യതി : 10.01.2024

## സർക്കുലർ 2/2024 (BD)

വിഷയം : വ്യക്തിഗത വായ്പയുടെ പരിശോധന (KPL Liability Verification) ശാഖാ – മേഖലാ തലത്തിൽ നടത്തുന്നത് സംബന്ധിച്ച്.

സൂചന : 1.13.04.2020 ലെ സർക്കുലർ 40/2000 (Plg) ലെ ക്രമനമ്പർ 9.

2. 18.12.2024 ലെ സർക്കുലർ 184/2004(Plg)

3. എ.ജി.എം (ബിസിനസ്സ്) ന്റെ 26.12.2023 ലെ 12404 നമ്പർ അറിയിപ്പ്.

വ്യക്തിഗത വായ്പ നൽകുന്നതിനായി അപേക്ഷകന് മറ്റേതെങ്കിലും KPL അല്ലെങ്കിൽ ജാമ്യം നിലവിലുണ്ടോ എന്ന പരിശോധനയാണ് RCL Liability Verification എന്ന നിലയിൽ നടപ്പാക്കി വരുന്നത്. ഇതിനായി Swift RCL എന്ന സോഫ്റ്റ് വെയർ ആണ് ഹെഡ് ഓഫീസ് തലത്തിൽ ഉപയോഗിച്ച് വരുന്നത്.

മേൽ സൂചന (1) പ്രകാരം **KPL** മായി ബന്ധപ്പെട്ട് ഹെഡ് ഓഫീസിൽ നടത്തി വന്നിരുന്ന **Liability Verification ശാഖാ – മേഖലാ തലത്തിൽ തന്നെ തീർപ്പാക്കാവുന്ന വിധം 15.01.2024 മുതൽ നടപ്പാക്കാൻ ഉദ്ദേശിച്ചിരിക്കുകയാണ്.** കെ.എസ്.എഫ്.ഇ. യിൽ നിലവിൽ ഉണ്ടായിരുന്ന സോഫ്റ്റ് വെയർ പുതിയ സാങ്കേതിക വിദ്യയിലേയ്ക്ക് പരിവർത്തനപ്പെടുത്തി കൊണ്ടാണ് ഇത് നടപ്പിലാക്കുന്നത്.

ശാഖകളിൽ എത്തുന്ന അപേക്ഷയിന്മേൽ വേണ്ട പരിശോധനകൾ ശാഖാതലത്തിൽ തന്നെ നടത്തി മേഖലയുടെ അനുമതിയോടെ തീർപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി പുതിയ **Swift KPL** സോഫ്റ്റ് വെയറിൽ വായ്പക്കാരന്റെ വിവരങ്ങൾ നൽകിയ ശേഷം ബാധ്യത കാണുന്നുവെങ്കിൽ ആ അപേക്ഷ ശാഖാ തലത്തിൽ തന്നെ നിരസിക്കുകയോ, Liability ഒഴിവാക്കി വീണ്ടും സമർപ്പിക്കാൻ അവസരം നൽകുകയോ ചെയ്യാവുന്നതാണ്. ബാധ്യതയില്ലാത്തപക്ഷം അപേക്ഷയുടെ ബന്ധപ്പെട്ട വിവരങ്ങൾ Swift KPL ൽ ഉൾപ്പെടുത്തി മേഖലാ കാര്യാലയത്തിലേയ്ക്ക് സമർപ്പിക്കേണ്ടതും KPL Covering Abstract ഇ.മെയിലിൽ നൽകേണ്ടതുമാണ്. തുടർന്ന് മേഖലാ ഓഫീസ് പ്രസ്തുത അപേക്ഷ പരിശോധിച്ച് അനുമതി നൽകുകയോ, നിരസിക്കുകയോ ചെയ്യാവുന്നതാണ്. പുതിയ Swift KPL ൽ ഉപയോഗിക്കുന്നതിനുള്ള വിശദമായ user manual ഡൗൺലോഡ്സിൽ ലഭ്യമാക്കിയിട്ടുണ്ട്.

ആയതിനാൽ **11.01.2024 മുതൽ ഇതുമായി ബന്ധപ്പെട്ട Covering Abstract ഹെഡ് ഓഫീസിലേയ്ക്ക് അയക്കേണ്ടതില്ല.** എന്നാൽ കെ.എസ്.എഫ്.ഇ. ജീവനക്കാർ ഉൾപ്പെട്ടിട്ടുള്ള വായ്പാ അപേക്ഷകളിന്മേൽ സൂചന (2)ൽ പറയുന്ന പ്രകാരം മുഴുവൻ അപേക്ഷയും, ഒപ്പം അപേക്ഷയുടെ അനുബന്ധ വിവരങ്ങൾ Swift KPL ൽ **ചേർത്തും** ഹെഡ് ഓഫീസ് ബിസിനസ്സ് വകുപ്പിലേയ്ക്ക് നൽകി അനുമതി വാങ്ങേണ്ടതാണ്.

എല്ലാ ശാഖകളിലേയും മേഖലകളിലേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ **user manual ശ്രദ്ധാപൂർവ്വം മനസ്സിലാക്കി** ഈ പ്രവർത്തനങ്ങൾ 15.01.2024 മുതൽ ശാഖാ-മേഖലാ തലത്തിൽ ആരംഭിക്കേണ്ടതാണ് എന്ന് നിർദ്ദേശിക്കുന്നു.

*വിശ്വസ്തതയോടെ*
*കെ.എസ്.എഫ്. ഇ ക്ക് വേണ്ടി*

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To:എല്ലാ ശാഖാ തലവൻമാർക്കും
പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡ്കൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ